# AMCSFNCK – Admission to B.Sc. Nursing Course 2020-21

## (Notification dated 16.12.2020 on Online Mop UP Counselling to remaining vacant seats in Member Colleges – FACILITY TO REGISTER ONLINE OPTIONS)

The vacancies in B.Sc. Nursing course in the Member Colleges of AMCSFNCK after four online allotments will be filled through a MOP UP COUNSELLING. In view of the pandemic situation due to Covid-19, Mop up Counselling for this academic year 2020-21 is proposed to be conducted in online mode.

Candidates who are included in the AMCSFNCK Rank List (2020) and have not received allotments to any of the AMCSFNCK Member Colleges during the four online allotments held earlier SHALL REGISTER FRESH OPTIONS from 17.12.2020 to 19.12.2020 on the web site amcsfnck.com in order to be considered for the Mop Up Allotment and allotments to stray vacancies that may arise, thereafter.

Those candidates who have been admitted to B.Sc. Nursing courses in the Member Colleges either through AMCSFNCK counselling or through LBS counselling shall not participate in the Mop Up Counselling.

Since the probable vacancies that may arise in any of the Member Colleges during these days have to be filled together with the already existing vacancies, the candidates shall give options to all Colleges in which they wish to study for the course, if they get an allotment. However, the validity of the options in respect of eligibility for allotment will be determined at the time of the online Mop-UP Counselling based on Open Merit Rank of the candidate and the availability of vacant seats in the Member Colleges.

The Mop Up Allotment to remaining vacancies on the basis of the fresh options registered as per above notification will be published on the AMCSFNCK website on 20.12.2020, 5 pm. The candidates allotted as per Mop Up Counselling shall join the respective College of allotment by submitting original documents and remitting the first year fess on/before 23.12.2020, 3 pm.

Stray Vacancies, if any, arises in any of the Member Colleges after the Mop Up Allotment, will also be filled up on the basis of the option registered for Mop Up Counselling. Those candidates, who wish to be considered against any such stray vacancies that may arise in any of the Member Colleges in future, shall also register their options at this stage of fresh online option registration for Mop Up counselling.

2020-21 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് പ്രവേശനത്തിനുള്ള നാല് അലോട്ട്മെന്റുകൾക്കുശേഷവും ആസോസിയേഷനിൽ അംഗങ്ങളായ കോളേജുകളിൽ ഇനിയും ഒഴിവുവരുന്ന സീറ്റുകളിലേക്ക് കോവിഡ്-19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ **മോപ്-അപ്പ് കൗൺസിലിങ്ങ് ഓൺലൈനായി** നടത്തുന്നതാണ്.

ഇതിലേക്കായി, അസോസിയേഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ (2020) ഉൾപ്പെട്ടവരും, എന്നാൽ മുൻപു നടന്ന നാല് ഓൺലൈൻ കൗൺസിലിങ്ങുകളിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരുമായ **അപേക്ഷകർ 17.12.2020 മുതൽ 19.12.2020 വരെ ഓൺലൈനായി കോളേജ് ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്.** ഇപ്രകാരം **ഓൺലൈനായി കോളേജ് ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്തവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും** മോപ്-അപ്പ് അലോട്ട്മെന്റും തുടർന്ന് ഈ കോളേജുകളിലുണ്ടായേക്കാവുന്ന ഒഴിവുകളിലേക്കുള്ള അലോട്ട്മെന്റുകളും നടത്തുക.

അസോസിയേഷന്റെയോ L.B.S.-ന്റേയോ മുമ്പ് നടന്ന കൗൺസിലിങ്ങുകളിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇനിയുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

കോളേജുകളിൽ ഇപ്പോഴുള്ള ഒഴിവുകൾ മാത്രമല്ല, ഇനിയുള്ള ദിവസങ്ങളിൽ അസോസിയേഷനിൽ അംഗങ്ങളായ കോളേജുകളിലുണ്ടായേക്കാവുന്ന ഒഴിവുകളും കൂടി മോപ്-അപ്പ് അലോട്ട്മെന്റിൽ ഉൾപ്പെടുത്തുമെന്നതുകൊണ്ട്, തങ്ങൾക്ക് **ചേരാൻ താത്പര്യമുള്ള എല്ലാ കോളേജുകളിലേക്കും ഓപ്ഷൻ നൽകാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.**

**അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ നൽകുക; Higher Option, ഇപ്പോൾ ചേർന്നിരിക്കുന്ന കോളേജിൽ നിന്നും വേറൊരു കോളേജിലേക്കുള്ള മാറ്റം എന്നിവ അനുവദനീയമല്ല എന്നത് ശ്രദ്ധിക്കുമല്ലോ.**

17.12.2020 മുതൽ 19.12.2020 വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിച്ച് ഓപ്പൺ മെറിറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ **20.12.2020, വൈകീട്ട് 5 മണിക്ക് മോപ്-അപ്പ് അലോട്ട്മെന്റ് അസോസിയേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർ 23.12.2020, വൈകീട്ട് 5 മണിക്ക് മുമ്പ് തങ്ങൾക്ക് ലഭിച്ച കോളേജുകളിലെത്തി ഫീസടച്ച്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച് പ്രവേശനനടപടികൾ പൂർത്തിയാക്കേണ്ടതാണ്.** നേഴ്സിങ്ങ് കൗൺസിലിന്റേയും യൂണിവേഴ്സിറ്റിയുടേയും മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ മാസമവസാനത്തിനുമുമ്പ് പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുകൊണ്ട് എല്ലാവരും സമയക്രമം കർശനമായും പാലിക്കേണ്ടതാണ്.

മോപ്-അപ്പ് അലോട്ട്മെന്റിനുശേഷവും ഒഴിവുകൾ വരുന്ന പക്ഷം അവ സ്ട്രേ വേക്കൻസികളായി പരിഗണിച്ച് മോപ്-അപ്പ് റൗണ്ടിനുവേണ്ടി സമർപ്പിച്ച കോളേജ് ഓപ്ഷനുകളെ അടിസ്ഥാനമാക്കി അപ്പപ്പോൾ നികത്തുന്നതായിരിക്കും. ആയതിനാൽ സ്ട്രേ വേക്കൻസികളിലേക്ക് പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ താത്പര്യമുള്ള കോളേജുകളിലേക്ക് ഈ ഘട്ടത്തിൽ തന്നെ നിർബന്ധമായും ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.

16th December 2020 Admission Coordinator